**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3911** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗൗരവ് കുമാർ ബൻസാൽ vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ 2021 ജൂൺ 30 ന് പുറപ്പെടുവിച്ച സുപ്രീം കോടതി വിധി പ്രകാരം കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നഷ്ടപരിഹാരം നൽകാൻ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. പൊതുജനങ്ങൾക്ക് മരണ തീയതി അടിസ്ഥാനമാക്കി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് മരണം, ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ (URL:https//Covid-19 Kerala.gov.in/death info) വഴി കാണാൻ കഴിയും. കൂടാതെ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന കോവിഡ് ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് അടിസ്ഥാനമാക്കിയുള്ള മറ്റ് വിശദാംശങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. |
| (ബി) | കേന്ദ്ര സർക്കാർ നിർദേശിച്ച നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. പൊതുജനങ്ങൾക്ക് മരണ തീയതി അടിസ്ഥാനമാക്കി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് മരണം, ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ (URL:https//Covid-19 Kerala.gov.in/death info) വഴി കാണാൻ കഴിയും. കൂടാതെ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന കോവിഡ് ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് അടിസ്ഥാനമാക്കിയുള്ള മറ്റ് വിശദാംശങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. |
| (സി) | ഒരാൾ മരിച്ചാൽ അവരുടെ മരണകാരണം സത്യസന്ധവും കൃത്യമായും രേഖപ്പെടുത്തേണ്ടത് സംസ്ഥാന സർക്കാരിന്റെ കടമയാണെന്ന് വിധിയിൽ പ്രതിപാദിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ, ലോകാരോഗ്യ സംഘടന എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വന്നിരുന്നത്. 30/06/2021-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം |

| | | | |
|---|---|---|---|
| | | | മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17- വരെയുള്ള കാലഘട്ടത്തിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കോവിഡ് മരണപ്പട്ടികയിൽ ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്താൽ ഉൾപ്പെടാതെ പോയ കോവിഡ് മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് G.O.(Rt)No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത വിധിയുടെ പശ്ചാത്തലത്തിൽ ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ മരണങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ, ലോകാരോഗ്യ സംഘടന എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വന്നിരുന്നത്. 30/06/2021-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17- വരെയുള്ള കാലഘട്ടത്തിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കോവിഡ് മരണപ്പട്ടികയിൽ ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്താൽ ഉൾപ്പെടാതെ പോയ കോവിഡ് മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് G.O.(Rt)No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ